# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.104** **30.01.2018 ൽ മറുപടിക്ക്**

**കുറ്റാലം കൊട്ടാരത്തിന്റെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.ബഷീർ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുനെൽവേലിയിലെ കുറ്റാലത്ത് സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൊട്ടാരവും ചുറ്റുമുള്ള വസ്തുവകകളും നോക്കിനടത്തുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | (എ) തിരുനെൽവേലിയിലെ കുറ്റാലത്ത് സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൊട്ടാരത്തിന് കേരള പൊലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്കുപുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിങ് ചെയ്യാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റാലം കൊട്ടാരത്തിന് പൊലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലസിന്റെ രാജകീയ പ്രൗഢി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കൊട്ടാരത്തിന്റെ സംരക്ഷണത്തിനായി നിയോഗിച്ച വ്യക്തി സർക്കാർ സ്ഥലം | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ലഭ്യമായ |

| | | | |
|---|---|---|---|
| | കൈമാറ്റം ചെയ്തതായി ശ്രദ്ധയിൽ & പ്പെട്ടിട്ടുണ്ടോ; | | രേഖകൾ വിശദമായ പരിശോധനയുടെയും അന്വേഷണത്തിന്റെയും നടപടികളുടെയും വിവിധ ഘട്ടങ്ങളിലാണ്. കൊട്ടാരം തട്ടിയെടുക്കാൻ ശ്രമിച്ച ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയ പാലസ് സൂപ്രണ്ടിനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. തമിഴ് നാട്ടിലെ വിവിധ കോടതികളിൽ (ഹൈക്കോടതി അടക്കം) കേരള സർക്കാർ കേസുകൾ നടത്തി വരുന്നു. ഭരണപരവും നിയമപരവുമായി സർക്കാർ ശക്തമായ നടപടികൾ എടുത്തു വരുന്നു. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായ നോട്ടക്കുറവാണ് ഇതിനു കാരണമായത്. |
| (സി) | എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (സി) | |

**സെക്ഷൻ ഓഫീസർ**